പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 181 — 06/12/2018 ൽ മറുപടിക്ക്

**ദേവസ്വം ബോർഡ് സുപ്രീം കോടതിയിൽ നൽകിയ ഹർജി**

ചോദ്യം — മറുപടി

ശ്രീ. പി.സി.ജോർജ് — കടകംപള്ളി സുരേന്ദ്രൻ

(സഹകരണവും ടൂറിസവും ദേവസ്വവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ശബരിമലയിൽ യുവതി പ്രവേശനവുമായി ബന്ധപ്പെട്ട് ദേവസ്വം ബോർഡ് നിലവിൽ സുപ്രീം കോടതിയിൽ എന്തെങ്കിലും ഹർജി നൽകിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (എ) | ഉണ്ട്. വിധിയനുസരിച്ച് യുവതികൾ ദർശനത്തിന് എത്തുമ്പോൾ അധികമായി ഒരുക്കേണ്ട അടിസ്ഥാന സൗകര്യങ്ങൾ സജ്ജമാക്കുന്നതിന് കൂടുതൽ സമയം ആവശ്യമുള്ളതിനാൽ വിധി നടപ്പിലാക്കുന്നതിന് സാവകാശം ആവശ്യപ്പെട്ട് തിരുവിതാംകൂർ ദേവസ്വം ബോർഡ് 19.11.2018 ന് ബഹു. സുപ്രീം കോടതിയിൽ സാവകാശ ഹർജി നൽകിയിട്ടുണ്ട്. |
| (ബി) | ശബരിമലയിലെ ഏതെങ്കിലും തന്ത്രിയ്ക്കെതിരെ ദേവസ്വം ബോർഡ് ഈ ഉത്സവകാലയളവിൽ മെമ്മോ നൽകിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദവിവരം നൽകുമോ; | (ബി) (സി) (ഡി) | ഉണ്ട്. ശബരിമലയിൽ യുവതീ പ്രവേശനവുമായി ബന്ധപ്പെട്ടുള്ള ഭരണഘടനാബെഞ്ചിന്റെ വിധിയുടെ അടിസ്ഥാനത്തിൽ ആചാര ലംഘനം ഉണ്ടാകുകയാണെങ്കിൽ ക്ഷേത്രം അടച്ചിടുന്നത് സംബന്ധിച്ച് ഒരു രാഷ്ട്രീയ നേതാവിന്റെ ഉപദേശം തേടി എന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ 6/11/2018 ൽ തിരുവിതാംകൂർ ദേവസ്വം ബോർഡ് കമ്മീഷണർ തന്ത്രിയോട് വിശദീകരണം തേടിയിട്ടുണ്ട്. ഇതിന് ബോർഡ് യോഗം കൂടി തീരുമാനം എടുക്കേണ്ട ആവശ്യമില്ല. തന്ത്രി നൽകിയ വിശദീകരണം ദേവസ്വം ബോർഡ് പരിശോധിച്ചുവരികയാണ് എന്ന് ദേവസ്വം ബോർഡ് അറിയിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത മെമ്മോ നൽകുവാൻ ദേവസ്വം ബോർഡ് യോഗം കൂടി തീരുമാനം എടുത്തിരുന്നോ; എങ്കിൽ വ്യക്തമാക്കുമോ; | | |
| (ഡി) | മെമ്മോക്ക് തന്ത്രി എന്ത് മറുപടിയാണ് നൽകിയത്; ആയതിൽ ദേവസ്വം ബോർഡ് എന്ത് തീരുമാനം എടുത്തു; വിശദമാക്കുമോ? | | |

സെക്ഷൻ ഓഫീസർ